മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, പി.എസ്.സി. റാങ്ക്ലിസ്റ്റ് വെബ് സൈറ്റിലൂടെ പ്രസിദ്ധീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതായി പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

(22) മണ്ണാർക്കാട് താലൂക്കിലെ ഗവൺമെന്റ് വക സ്ഥലം അനധികൃതമായി കയ്യേറി എന്ന വാർത്ത

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, നീലഗിരി ബയോസ്പിയർ മേഖലയിൽ, എന്റെ നിയോജകമണ്ഡലത്തിലെ പുത്തൂരി പഞ്ചായത്തിലെ മുള്ളിയിലും കിണ്ണക്കരയിലും അതുപോലെ ഷോളയാർ പഞ്ചായത്തിലെ കോയമ്പത്തൂർ ജില്ലയുടെ സമീപത്തുള്ള ആനകട്ടി, വെച്ചപ്പതി, മൂലഗംഗൽ എന്നീ സ്ഥലങ്ങളിലും തമിഴ്നാട്ടുകാർ കേരളത്തിന്റെ സ്ഥലം കയ്യേറിയതായി റിപ്പോർട്ട് വന്നിട്ടുണ്ട്. അത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പുത്തൂർ വില്ലേജിലെ മേലേമുള്ളി എന്ന സ്ഥലം അട്ടപ്പാടി ബ്ളോക്കിലാണ്. അവിടെ വാട്ടർ അതോറിറ്റിയുടെ ഒരു ടാങ്ക് നിർമ്മിക്കുന്നത് തമിഴ്നാട് ഉദ്യോഗസ്ഥർ തടസ്സപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഷോളയാർ പഞ്ചായത്തിലെ ആനകട്ടിയിൽ 'കേരള സംസ്ഥാന അതിർത്തി' എന്ന് ആലേഖനം ചെയ്യപ്പെട്ട കോൺക്രീറ്റ് ബോർഡ് അടുത്തകാലത്തായി നീക്കം ചെയ്തതായി കാണുന്നു. ഇങ്ങനെയുള്ള എൻക്രോച്ച്മെന്റ് ഗവൺമെന്റ് ഗൗരവത്തോടെ കാണുന്നു, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(23) ആലപ്പുഴ നഗരത്തിലെ കുടിവെള്ള വിതരണ പദ്ധതിയുടെ പ്രവർത്തനം

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ആലപ്പുഴ നഗരത്തിന്റെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഹഡ്ക്കോ സ്കീമിന്റെ പ്രവർത്തനം വളരെ മന്ദഗതിയിലാണ്. മുഖ്യമന്ത്രിയും അങ്ങും വന്ന് ഉദ്ഘാടനം ചെയ്ത ഒരു സ്കീമാണ്. അത് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാത്ത സ്ഥിതിയാണ്. അത് സമയബന്ധിതമായി പൂർത്തീകരിക്കണം. ടെണ്ടർ വിളിച്ച് ഒരു കൊല്ലം കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. ഇത് അടിയന്തിരമായി പൂർത്തീകരിക്കുവാനുള്ള സംവിധാനം ബഹുമാനപ്പെട്ട മന്ത്രി ഏർപ്പെടുത്തുമോ?

2/198/2013—29a.

LIBRARY ARCHIVES Kerala Legislative Assembly